ഉത്തരം

ഉണ്ട്. ഇവിടെ സ്വകാര്യ പങ്കാളിത്തത്തോടെ ഒരു ഹൈടെക് പാർക്കും കിൻഫ്രായും ഇൻഡ്യൻ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷനുമായി (ഐ. ടി.പി.ഒ) ചേർന്ന് ഒരു സ്ഥിരം പ്രദർശന സെന്ററും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. 60 ഏക്കർ സ്ഥലം സഹകരണ മെഡിക്കൽ കോളേജിനായി വിട്ടുകൊടുത്തു.

269 (1448) കരിമ്പു കൃഷി വികസനം

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ കരിമ്പുകൃഷി വികസനത്തിന് കേന്ദ്രം എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയാമോ; എങ്കിൽ ഈ ആനുകൂല്യങ്ങൾ നമ്മുടെ സംസ്ഥാനത്തിന് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ നടപ്പുവർഷം ഈ ഇനത്തിൽ എത്ര രൂപ കേന്ദ്രത്തിൽ നിന്നും ലഭിച്ചു എന്നറിയിക്കുമോ?

ഉത്തരം

(എ) അറിയില്ല. ഷുഗർ ഡെവല്പമെന്റ് ഫണ്ടിൽനിന്നും കരിമ്പ് കൃഷി വികസനത്തിന് 50 ലക്ഷം രൂപ ഹ്രസ്വകാല വായ്പയായി 98-99 വർഷത്തിൽ ചിറ്റൂർ ഷുഗർ ഫാക്ടറിക്ക് ലഭിച്ചിട്ടുണ്ട്.

(ബി) നടപ്പുവർഷത്തിൽ ഈ ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

270 (1449) ചിറ്റൂർ പഞ്ചസാര ഫാക്ടറി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ പഞ്ചസാര ഫാക്ടറിയുടെ പ്രവർത്തനം നഷ്ടത്തിലാണോ ലാഭത്തിലാണോ എന്ന് അറിയിക്കുമോ;

(ബി) നഷ്ടത്തിലാണെങ്കിൽ അതിന്റെ കാരണം അന്വേഷിച്ച് പരിഹാര നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) നഷ്ടത്തിലാണ്.

(ബി) കരിമ്പ് ലഭ്യത ആവശ്യത്തിനില്ലാത്തതാണ് നഷ്ടത്തിനുള്ള ഒരു കാരണം. കഴിഞ്ഞ മൂന്ന് വർഷമായി കരിമ്പ് ലഭ്യത വർദ്ധിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാർ ഇറക്കുമതി ചെയ്യുന്ന പഞ്ചസാരയുടെ വില ആഭ്യന്തര വിപണിയിൽ ലഭിക്കുന്ന പഞ്ചസാരയുടെ വിലയേക്കാൾ കിലോഗ്രാം ഒന്നിന് രണ്ട് രൂപ കുറവാണ്. കരിമ്പിൽ കൃഷിയിടത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുവേണ്ടി എക്സ്ചേഞ്ച് പ്രോഗ്രാമെന്ന രീതിയിൽ തമിഴ്നാട് സർക്കാരിന്റെ അധീനതയിലുള്ള പി.എ.പി. തോടിന്റെ പടിഞ്ഞാറുഭാഗത്തുള്ള പൊള്ളാച്ചി താലൂക്കിലെ കരിമ്പുകൃഷി സ്ഥലം ചിറ്റൂർ പഞ്ചസാര ഫാക്ടറിക്ക് നൽകുന്നതിനും പകരമായി ഇടുക്കി ജില്ലയിലെ മറയൂർ പ്രദേശം തമി-

LIBRARY ARCHIVES Kerala Legislative Assembly